# STD VII SOCIAL SCIENCE - LIJOICE MASTER - 9544002958

പാഠം 2 - UNIT - 2

**മധ്യകാല ഇന്ത്യ: സാംസ്കാരിക പ്രസ്ഥാനങ്ങൾ**

Medieval India: Cultural Movements

**1.ഭക്തി എന്നാൽ എന്ത്?** 1. What is Bhakti?

**-> ദൈവത്തിന് സമ്പൂർണമായി ജീവിതം സ്വയം സമർപ്പിക്കുന്നതിനെയാണ് ഭക്തി എന്ന പറയുന്നത്.** -> Bhakti is the complete dedication of one's life to God Saying

**2.ഭക്തി പ്രസ്ഥാനം എന്നാൽ എന്ത്?** 2. What is Bhakti Movement?

**-> ഭക്തിയെ അടിസ്ഥാനമാക്കി ഉയർന്നുവന്ന ആശയങ്ങളും പ്രവർത്തനങ്ങളുമാണ് ഭക്തിപ്രസ്ഥാനം എന്നറിയപ്പെടുന്നത്.**

-> It is the ideas and actions that arise based on Bhakti known as the Bhakti Movement.

**3.ഭക്തി പ്രസ്ഥാനങ്ങൾ രൂപം കൊള്ളുവാനിടയായ കാരണം?**

3. What led to the formation of Bhakti movements?

**-> യഥാസ്ഥിതിക കാഴ്ചപ്പാടും ജാതിവ്യവസ്ഥയും സൃഷ്ടിച്ച സാമൂഹ്യ വിവേചനം.**

-> Social discrimination created by conservative outlook and caste system.

**4.ഏതെല്ലാം നൂറ്റാണ്ടുകൾക്കിടയിലാണ് ദക്ഷിണേന്ത്യൻ ഭക്തിപ്രസ്ഥാനം നിലനിന്നിരുന്നത്?**

4. During which centuries did the South Indian Bhakti movement exist?

-> സി.ഇ 7 മുതൽ 12 നൂറ്റാണ്ടുകൾക്കിടയിൽ -> Between 7th and 12th centuries CE

**5.ദക്ഷിണേന്ത്യൻ ഭക്തി പ്രസ്ഥാനത്തിലെ ഭക്തകവികൾ ആരെല്ലാം?**

5. Who were the devotional poets of the South Indian Bhakti movement?

->

| **ആഴ്വാർമാർ** *Alvars*<br>**വിഷ്ണുഭക്തർ** Vishnu | **നായനാർമാർ** *Nayanars.*<br>**ശിവഭക്തർ** Shiva |
|---|---|
| **1.കുലശേഖര ആഴ്വാർ** Kulasekhara Alvar<br>**2.പെരിയാഴ്വാർ** Periyalvar<br>**3.നമ്മാഴ്വാർ** Nammalvar<br>**4.ആണ്ടാൾ** Andal | **1.കാരയ്ക്കൽ അമ്മയാർ** Karaikal Ammayar<br>**2.അപ്പർ** Appar<br>**3.സംബന്ധർ** Sambandar<br>**4.സുന്ദരർ** Sundarar<br>**5.മാണിക്കവാസഗർ** Manikkavasagar |

**6.ദക്ഷിണേന്ത്യൻ ഭക്തി പ്രസ്ഥാനത്തിന്റെ സവിശേഷതകൾ എന്തെല്ലാം?**

6. What are the characteristics of South Indian Bhakti movement?

LIJOICE MASTER

-> പ്രാദേശിക ഭാഷകളിൽ കീർത്തനങ്ങളുടെ രചനയും ആലാപനവും

-> ദൈവത്തോടുള്ള സ്നേഹവും സമർപ്പണവും

-> ജാതിവ്യത്യാസമില്ലാതെ എല്ലാവർക്കും പ്രവേശനം

-> സ്ത്രീകൾക്ക് തുല്യമായ പങ്കാളിത്തം

-> ദൈവത്തോടുള്ള അകമഴിഞ്ഞ ആരാധന

-> Composition and singing of devotional songs in vernacular languages

-> Love and Submission to God

-> Access to all irrespective of caste

-> Equal participation of women

-> Deep devotion to the beloved deity

**7.ആഴ്വാർമാരുടെ രചനകൾ അറിയപ്പെടുന്നത്?** 7.Writings of Alvars are known?

-> **നാലായിരദിവ്യപ്രബന്ധം** *Nalayira Divyaprabandham*

**8.നായനാർമാരുടെ രചനകൾ അറിയപ്പെടുന്നത്?** 8.Writings of Nayanars are known?

-> **തിരുമുറൈകൾ** *'Thirumuraikal'.*

**9.പന്ത്രണ്ടാം നൂറ്റാണ്ടിൽ കന്നട ദേശത്ത് ജീവിച്ചിരുന്ന തത്വചിന്തകനും സാമൂഹ്യ പരിഷ്കർത്താവും കവിയുമായ മനുഷ്യസ്നേഹി ?** 9. Philosopher, social reformer and poet who lived in Kannada in the twelfth century philanthropist?

-> **ബസവണ്ണ** -> Basavanna

**10.ബസവണ്ണ എന്തിനാണ് അനുഭവ മണ്ഡപം സ്ഥാപിച്ചത്?**

10.Why did Basavanna set up Anubhava Mandapam?

-> **ആത്മീക ചർച്ചകൾക്കും അറിവ് പുതുക്കലിനും**

-> For spiritual discussions and renewal of knowledge

**11. അനുഭവമണ്ഡപത്തിലെ ചർച്ചകൾക്ക് നേതൃത്വം നൽകിയവർ ആരെല്ലാം ?**

11. Who led the discussions in Anubhava Mandapam?

-> **അല്ലമ പ്രഭു, അക്ക മഹാദേവി** -> Allama Prabhu and Akka Mahadevi

**12.അനുഭവമണ്ഡപത്തിലെ ചർച്ചകളിൽ രൂപപ്പെടുന്ന ആശയങ്ങളെ വിളിക്കുന്ന പേരെന്ത്?**

12. What is the name given to the ideas formed in the discussion in Anubhava Mandapam?

-> **വചനങ്ങൾ** -> Vachanas

**13.ബസവണ്ണ സ്ഥാപിച്ച പ്രസ്ഥാനത്തിന്റെ പേര്?** 13. Name of the movement founded by

LIJOICE MASTER

Basavanna?

-> **വീരശൈവ പ്രസ്ഥാനം**Vira Shaiva movement

**14.വീരശൈവ പ്രസ്ഥാനത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം?**

14. What are the main activities of Veerashaiva movement?

-> **ബ്രാഹ്മണ മേധാവിത്വത്തേയും വേദങ്ങളുടെ പ്രാമാണികതയേയും ചോദ്യം ചെയ്തു**

-> **ജാതിവിവേചനത്തിനും സ്ത്രീ വിവേചനത്തിനുമെതിരെ ജനങ്ങളെ ബോധവൽക്കരിച്ചു**

-> **ഏകദൈവ വിശ്വാസം പ്രോത്സാഹിപ്പിച്ചു**

-> **തൊഴിലിന്റെയും അധ്വാനത്തിന്റെയും മഹത്വം ജനങ്ങളെ ബോധ്യപ്പെടുത്തി**

->**ശൈശവ വിവാഹത്തെ എതിർക്കുകയും പ്രായപൂർത്തി വിവാഹം വിധവാ പുനർവിവാഹം എന്നിവ പ്രോത്സാഹിപ്പിച്ചു.**

-> Brahminical supremacy and the authenticity of the Vedas were questioned.

-> People were educated against caste discrimination and discrimination against women.

-> Monotheism was encouraged.

-> Convinced the people about the greatness of work and labour.

-> Opposed child marriage and encouraged marriage after puberty and widow remarriage.

**15. പതിനഞ്ചാം നൂറ്റാണ്ടിൽ വടക്കേ ഇന്ത്യയിൽ ജീവിച്ചിരുന്ന ഭക്തിപ്രസ്ഥാന പ്രചാരകൻ ?**

15. Bhakti movement preacher who lived in North India in the 15th century?

-> **കബീർ** -> Kabir

**16. ജനങ്ങൾക്കിടയിൽ സമത്വചിന്തയും മതസൗഹാർദ്ദവും വളർത്താൻ കബീറിന്റെ ആശയങ്ങൾ എത്രത്തോളം സഹായിച്ചു?**

16. To what extent did Kabir's ideas help in promoting equality and religious harmony among the people?

-> **ഒരേ മണ്ണുകൊണ്ടുണ്ടാക്കിയ രണ്ടു പാത്രങ്ങളാണ് ഹിന്ദുവും മുസൽമാനും എന്നദ്ദേഹം ഓർമ്മിപ്പിച്ചു.**

-> ജാതിവ്യവസ്ഥ, തൊട്ടുകൂടായ്മ, പൂജകൾ മരണാനന്തര ചടങ്ങുകൾ വിഗ്രഹാരാധന അർത്ഥശൂന്യമാണെന്ന് അദ്ദേഹം വാദിച്ചു.

-> ജാതി, മതം, വർണം,കുടുംബ മഹിമ, സമ്പത്ത് തുടങ്ങിയവ അടിസ്ഥാനമാക്കിയുള്ള എല്ലാത്തരം വിവേചനങ്ങളെയും വിമർശിച്ചു.

-> മതപാരമ്പര്യങ്ങളെ പൂർണ്ണമായി നിരാകരിച്ചു.

LIJOICE MASTER

-> മതങ്ങളുടെ ബാഹ്യാരാധന ക്രമങ്ങളെയും അവഗണിച്ചു.

-> അരൂപിയായ ദൈവത്തിൽ വിശ്വസിച്ചു

-> ഭക്തിയെ മോക്ഷമാർഗ്ഗമായി പ്രചരിപ്പിച്ചു.

-> He reminded that the Hindus and Muslims are two vessels made of the same soil.

-> He argued that caste system, untouchability, religious rituals, post-death rites, idol worship etc. were meaningless.

-> He criticized all kinds of discrimination based on caste, religion, race, legacy, wealth etc.

-> He rejected religious traditions completely.

-> He also ignored the external rituals of religions.

-> He believed in formless God, propagated Bhakti as a means of salvation.

**17.കബീർ തന്റെ ആശയങ്ങൾ പ്രചരിപ്പിച്ചതെങ്ങനെ ?**

17.How did Kabir spread his ideas?

**-> 'ദോഹ' കൾ എന്നറിയപ്പെട്ടിരുന്ന കീർത്തനങ്ങളിലൂടെ**

-> Through hymns known as 'Dohas'

**18.ഗുരു നാനാക്ക് ജനിച്ചതെവിടെ ?** 18. Where was Guru Nanak born?

**-> പതിനഞ്ചാം നൂറ്റാണ്ടിൽ പഞ്ചാബിലെ ഷേഖ്പുരയിലെ തൽവണ്ടി ഗ്രാമത്തിൽ**

-> Guru Nanak was born in 15th century in the village of Talwandi (now in Pakistan) in Sheikhpura, Punjab.

**19.മതസഹിഷ്ണത സാർവത്രിക സാഹോദര്യം എന്നീ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന് ഗുരു നാനാക്ക് സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമാണ് ?**

19. What are the methods adopted by Guru Nanak to spread the ideas of religious tolerance and universal brotherhood?

**-> വിവിധ മതങ്ങളുടെ ആശയങ്ങളെ സമന്വയിപ്പിച്ചു.**

**-> മതങ്ങളുടെ നിരർത്ഥകമായ അനുഷ്ഠാനങ്ങളെ എതിർത്തു.**

**-> ഏകദൈവ വിശ്വാസം, തുല്യത, സാഹോദര്യം, സ്നേഹം, നന്മ, മതസഹിഷ്ണത പ്രോത്സാഹിപ്പിച്ചു**

**-> ജാതിവിവേചനം വിഗ്രഹാരാധന തീർത്ഥാടനം നിരാകരിച്ചു.**

**-> സാമ്പത്തിക അസമത്വത്തെ ചോദ്യം ചെയ്തു.**

**-> ലഹരി വർജനത്തിനായ് പ്രേരിപ്പിച്ചു.**

**-> പൊതു അടുക്കളയുടെ ( ലംഗാർ ) പ്രാധാന്യം വ്യക്തമാക്കി.**

-> Harmonized the ideas of various religions.

LIJOICE MASTER

-> Opposed the vain practices of the meaningless religious rituals.

-> Promoted monotheism, equality, brotherhood, love, goodness and religious tolerance

-> rejected Caste Discrimination, Idolatry, Pilgrimage .

-> Questioned economic inequality.

-> encouraged to abstain from using intoxicants.

-> He emphasized the importance of the *'Langar'* or community kitchen

**20.രാജസ്ഥാനിലെ ചിത്തോറിൽ ജീവിച്ചിരുന്ന രജപുത്ര രാജകുമാരിയായ കൃഷ്ണ ഭക്ത ?**

20. Krishna Bhakta, a Rajput princess who lived in Chittor, Rajasthan?

-> **മീരാബായ്** -> Mirabai

**21.തമിഴ്നാട്ടിലെ പ്രശസ്തരായിരുന്ന ഭക്ത കവയിത്രിമാർ?**

21. Devotee poetessess who were famous in Tamil Nadu?

**-> കാരയ്ക്കൽ അമ്മയാൾ, ആണ്ടാൾ**

-> Karaikkal Ammayar and Andal

**22.വീരശൈവ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് സംഭവന നൽകിയത് ?**

22. Who led to the growth of Veerashaiva movement?

-> **അക്ക മഹാദേവി** -> Akka Mahadevi

**23.മഹാരാഷ്ട്രയിൽ ഭക്തിപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് സംഭവന നൽകിയത് ?**

23. Who led to the growth of Bhakti movement in Maharashtra?

-> **ഭഹിനാബായ്, സൊയ്റാബായ്** -> Bahinabai, Soyarabai

**24.കാശ്മീരിലെ ഭക്തിപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് സംഭവന നൽകിയത് ?**

-> **ലാൽദേദ്** -> Lal Ded

24. Who led to the growth of Bhakti movement in Kashmir?

**25.ഭക്തിപ്രസ്ഥാനത്തിന്റെ ഫലങ്ങൾ വിലയിരുത്തുക ?**

25.Evaluate the results of devotional movement ?

**->സാമൂഹ്യവും മതപരവുമായ മേഖലകളിൽ പുരോഗമനപരമായ മാറ്റങ്ങളുണ്ടായി**

**->സാമൂഹിക സമത്വം എന്ന ആശയം രൂപപ്പെടാൻ തുടങ്ങി**

**->സ്ത്രീപുരുഷ സമത്വം എന്ന ആശയത്തെക്കുറിച്ച് ചിന്തിപ്പിച്ചു.**

**->അധ്വാനത്തിന്റെ മഹത്വത്തെക്കുറിച്ച് ബോധവത്കരിക്കാൻ കഴിഞ്ഞു.**

->There were progressive changes in the social and religious spheres

-> The concept of social equality began to emerge

->The idea of equality between men and women was thought about.

->Able to educate about the greatness of ocuupation.

**26.സൂഫികൾ ആരായിരുന്നു ?**

26. Who were the Sufis?

**->ഭക്തിഗാനാലാപനത്തിലൂടെ ഏക ദൈവവിശ്വാസം, സാഹോദര്യം, മനുഷ്യ സ്നേഹം, ദൈവത്തോടുള്ള സമർപ്പണം എന്നീ ആശയങ്ങൾക്ക് പ്രാധാന്യം നൽകി ഭക്തിയെ ദൈവത്തോടടുക്കുവാനുള്ള മാർഗമായി സ്വീകരിച്ചവരായിരുന്നു സൂഫികൾ.**

-> Sufis were those who adopted Bhakti as a way to approach God by giving importance to the concepts of monotheism, brotherhood, human love and devotion to God through devotional singing.

**27.സൂഫിപ്രസ്ഥാനം ഉയർന്നു വരാൻ കാരണമെന്ത്?**

27. What caused the rise of the Sufi movement?

**->ഭരണാധികാരികൾ സമ്പത്ത്, അധികാരം, ആഡംബരജീവിതം, തുടങ്ങിയ ലൗകിക കാര്യങ്ങളിൽ ശ്രദ്ധിക്കാൻ തുടങ്ങിയ പ്രവണതകളാണ് സൂഫി പ്രസ്ഥാനം ഉയർന്നു വരാൻ കാരണം**

->The tendency of rulers to focus on worldly things like wealth, power, luxurious life etc. is the reason why Sufi movement emerged.

**28.സൂഫികളുടെ താമസ സ്ഥലത്തിന്റെ പേര്?**

28. Name the place of residence of Sufis?

-> **ഖാൻഗാഹുകൾ** The Khanqahs

**29.സൂഫികേന്ദ്രങ്ങളിൽ സമ എന്ന പ്രത്യേക ഗാനാലാപനശൈലിയിൽ ആലപിച്ചിരുന്ന ഭക്തിഗാനങ്ങൾ എന്ത് പേരിലാണ് അറിയപ്പെട്ടിരുന്നത്?**

29. What was the name of devotional songs sung in Sufi centers in a special singing style called Sama?

-> **ഖവ്വാലികൾ** *Qawwalis*

**30.പ്രധാന സൂഫിവര്യന്മാരും അവരുമായി ബന്ധപ്പെട്ട പ്രദേശങ്ങളും എഴുതുക ?**

30.Write the major Sufis and the regions associated with them?

->

| സൂഫിവര്യന്മാർ Prominent Sufi Masters | പ്രദേശങ്ങൾ Regions |
|---|---|

LIJOICE MASTER

| | |
|---|---|
| **ഷേയ്ഖ് ശിഹാബുദ്ദീൻ സുഹ്റവർദി**<br>Sheikh Shihabuddin Suhrawardi<br>**ഷേയ്ഖ് നിസാമുദ്ദീൻ ഔലിയ**<br>Sheikh Nizamuddin Auliya<br>**ഖ്വാജാ മൊയ്നുദ്ദീൻ ചിസ്തി**<br>Khwaja Moinuddin Chishti | **സിൽഹറ്റ്** Sylhet<br>**ഡൽഹി** Delhi<br>**അജ്മീർ** Ajmer |

**31.പന്ത്രണ്ട് സൂഫി വിഭാഗങ്ങൾ അറിയപ്പെട്ടിരുന്നത്?**

31. Twelve sects of Sufis were known as?

-> **സിൽസിലകൾ** *Silsilahs*

**32.സൂഫി ഗുരുവിനെ അറിയപ്പെടുന്നത് ?** 32. Sufi Guru is known as?

-> **പീർ (ഷെയ്ഖ്)** *Pir (Sheikh)*

**33.സൂഫി ഗുരുവിനെ അനുഗമിക്കുന്ന അനുയായികൾ അറിയപ്പെട്ടിരുന്നത് ?**

33. The followers of the Sufi Guru were known as?

-> **മുരീദ്** *Murid.*

**34.പ്രാദേശിക ഭാഷകളുടെ വളർച്ചയ്ക്ക് ഭക്തി പ്രസ്ഥാനം സഹായകമായതെങ്ങനെ ?**

34. How did the Bhakti movement help the growth of regional languages?

-> **പ്രാദേശിക ഭാഷകളിലെ ആശയ പ്രചാരണം**

-> **തമിഴ്, പഞ്ചാബി, ബംഗാളി, മറാത്തി, തെലുങ്ക്, കന്നഡ, മലയാളം എന്നീ പ്രാദേശിക ഭാഷകളിലെ ഭക്തി കാവ്യ രചന**

-> **പ്രാദേശിക ഭാഷകളിലെ സാഹിത്യ രചന**

-> **വിവിധ ഭാഷകളിലേക്കുള്ള മഹാഭാരതം, രാമായണത്തിന്റെ വിവർത്തനം.**

-> Propaganda of ideas in local languages

-> Devotional poetry in regional languages Tamil, Punjabi, Bengali, Marathi, Telugu, Kannada and Malayalam

-> Literary composition in regional languages

-> Translation of Mahabharata and Ramayana into various languages.

LIJOICE MASTER

35. പ്രാദേശിക ഭാഷകളിലുണ്ടായ പ്രധാന സാഹിത്യ കൃതികളും രചയിതാക്കളും

35. **Major literary works and authors in vernacular languages**

| പ്രാദേശിക ഭാഷ Vernacular language | കൃതി Literary work | രചയിതാവ്Author |
|---|---|---|
| തമിഴ് Tamil | നാലായിര ദിവ്യപ്രബന്ധം<br>തിരുമുറൈകൾ<br>Nalayira Divyaprabandham Thirumuraikal | ആഴ്വാർമാർ,നായനാർമാർ<br>Alvars Nayanars |
| കന്നട Kannada | വചനങ്ങൾ<br>Vachanas | ബസവണ്ണ, അക്ക മഹാദേവി, അല്ലമപ്രഭു<br>Basavanna, Akka Mahadevi,Allama Prabhu |
| തെലുങ്ക് Telugu | മഹാഭാരത വിവർത്തനം<br>Translation of Mahabharata | നന്നയ്യ തിക്കണ്ണ യരപ്രഗദ<br>Nannayya, Thikanna, Yarapragada |
| ബംഗാളി Bengali | ഗീതഗോവിന്ദം<br>Gita Govinda | ജയദേവൻ Jayadeva |
| ഹിന്ദി Hindi | പത്മാവത് Padmavat | മാലിക് മുഹമ്മദ് ജയ്സി<br>Malik Muhammad Jaisi |
| മലയാളം Malayalam | ജ്ഞാനപ്പാന,<br>അധ്യാത്മരാമായണം<br>കിളിപ്പാട്ട്<br>മുഹ് യുദ്ദീൻ മാല<br>Jnanappana<br>Adhyatmaramayanam<br>Kilippattu<br>Muhyudheen Mala | പൂന്താനം, തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ,<br>ഖാസിമുഹമ്മദ്<br>Poonthanam<br>Thunchath Ramanujan Ezhuthachan<br>Qasi Muhammad |

35.ഉറുദു ഭാഷയിലെ ശ്രദ്ധേയനായ എഴുത്തുകാരൻ ?

35. One of the the most prominent writers of the Urdu language during this period.

-> **അമീർ ഖുസ്റു** Amir Khusru

36.ഭക്തി സൂഫി പ്രസ്ഥാനങ്ങളുടെ പ്രവർത്തനഫലമായി സമൂഹത്തിൽ വന്ന മാറ്റങ്ങൾ എന്തെല്ലാം ?

36. What are the changes in society as a result of Bhakti Sufi movements?

LIJOICE MASTER

**-> മതസഹിഷ്ണത.**

**-> ജാതിവിവേചനത്തിനെതിരെയുള്ള മനോഭാവം രൂപപ്പെട്ടു.**

**-> അടിച്ചേല്പിക്കപ്പെട്ട ആചാരങ്ങളെ ചോദ്യം ചെയ്യാനുള്ള മനോഭാവം ശക്തിപ്പെട്ടു.**

**-> സംഘർഷങ്ങൾ കുറച്ച് സമാധാനാന്തരീക്ഷം സൃഷ്ടിച്ചു.**

-> Religious tolerance.

-> Attitude against caste discrimination formed.

-> Attitudes to question imposed customs strengthened.

-> Reducing conflicts->bringing people together

-> Creating an atmosphere of peace and harmony.

**37.ആധുനിക ഇന്ത്യൻ സമൂഹത്തിന്റെ മുഖമുദ്രകൾ ഏതെല്ലാം?**

37. What are the hallmarksof modern Indian society?

**->സാമുദായിക സൗഹാർദ്ദം ->നാനാത്വത്തിൽ ഏകത്വം ->സാഹോദര്യം -> തുല്യത->ബഹുസ്വരത.**

-> communal harmony, -> unity in diversity, ->fraternity,->equality -> pluralism

LIJOICE MASTER